പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 154 **26-10-2026-ൽ മറുപടിയ്ക്ക്**

സമഗ്ര ആരോഗ്യ മാതൃക

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. ടി. ബൽറാം

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

ശ്രീ. മുഹമ്മദ് ഷിയാസ്

ശ്രീ. ദീപക് ജോയ്

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) സമ്പൂർണ്ണ ആരോഗ്യം, ദീർഘായുസ്സ് എന്നിവ ലക്ഷ്യമിട്ട് സമഗ്ര ആരോഗ്യ മാതൃക വികസിപ്പിക്കാൻ സർക്കാർ ഉന്നതതല കർമ്മസേന രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: ഉണ്ട്. സംസ്ഥാനത്തെ ജനങ്ങളുടെ ആരോഗ്യം, ക്ഷേമം, ദീർഘായുസ്സ് എന്നിവ ഉറപ്പുവരുത്തുന്നതിനായി 07.10.2026 ലെ സ.ഉ.(സാധാ) നം.3355/2026/ആ.കു.വ പ്രകാരം ബഹു.മുഖ്യമന്ത്രി ചെയർമാനായി കേരള ഹോളിസ്റ്റിക് മോഡൽ ഫോർ ഹെൽത്ത് വെൽനസ്സ് & ലോങ്ജിവിറ്റി (Kerala Holistic Model for Health, Wellness and Longevity) കർമ്മസേന (Task Force) രൂപീകരിച്ചിട്ടുണ്ട്.

കർമ്മസേനയുടെ നിർദേശങ്ങൾ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഉൾപ്പെട്ട സമിതിക്ക് സമർപ്പിക്കാവുന്നതാണ്.

(ബി) എങ്കിൽ മുതിർന്ന പൗരന്മാർക്ക് വേണ്ടി പ്രത്യേക വകുപ്പ് രൂപീകരിച്ചതിന്റെ തുടർച്ചയായി ആണോ പ്രസ്തുത കർമ്മസേന രൂപീകരിച്ചതെന്ന് വ്യക്തമാക്കുമോ;

മറുപടി: മുതിർന്ന പൗരന്മാർക്ക് വേണ്ടി പ്രത്യേക വകുപ്പ് രൂപീകരിച്ചതിന്റെ തുടർച്ചയായിട്ടല്ല കർമ്മസേന രൂപീകരിച്ചത്.

(സി) രോഗങ്ങൾ തടയുന്നതിനും തുടക്കത്തിൽ തന്നെ കണ്ടെത്തുന്നതിനും മികച്ച ചികിത്സ ഉറപ്പാക്കി ആരോഗ്യകരമായ വാർദ്ധക്യത്തിനുമായി രാജ്യത്ത് ആദ്യമായാണോ സമഗ്രപദ്ധതി നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ;

മറുപടി: സംസ്ഥാനത്തെ ജനങ്ങളുടെ ആരോഗ്യം, ക്ഷേമം, രോഗപ്രതിരോധം, പ്രാരംഭഘട്ടത്തിൽ രോഗം കണ്ടെത്താൻ, കൃത്യമായ ചികിത്സ, പുനരധിവാസം, ആരോഗ്യകരമായ വാർദ്ധക്യം എന്നിവ ഉറപ്പാക്കുന്നതിനുള്ള രാജ്യത്തെ ആദ്യ പദ്ധതിയായാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ഡി) രോഗം വന്നതിനുശേഷം ചികിത്സ തേടുന്ന രീതിക്ക് പകരമായി രോഗം വരാതിരിക്കാനുള്ള സംവിധാനമാണോ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

മറുപടി: രോഗങ്ങൾ നേരത്തേ കണ്ടെത്തി ചികിത്സ ഉറപ്പാക്കുന്നതിനും രോഗസാധ്യതയുള്ളവരെ തിരിച്ചറിഞ്ഞ് പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനുമായി 21.08.2026-ലെ സ.ഉ.(സാധാ) നം.2810/2026/ആ.കു.വ പ്രകാരം ഹൃദയാരാഗ്യം പദ്ധതിക്കു തുടക്കം കുറിച്ചിട്ടുണ്ട്. പ്രമേഹം, രക്താതിമർദ്ദം, ഹൃദ്രോഗം, ക്യാൻസർ, കരൾരോഗം, വൃക്കരോഗം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾ നേരത്തേ കണ്ടെത്തി ചികിത്സ ലഭ്യമാക്കുക, തുടർപരിചരണം ഉറപ്പാക്കുക, രോഗസങ്കീർണതകൾ ഒഴിവാക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. 18 വയസ്സിനു മുകളിലുള്ളവരെ പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തി, ആരോഗ്യപ്രവർത്തകർ വീടുകൾ സന്ദർശിച്ച് നടത്തുന്ന സർവേയിലൂടെയും പ്രാഥമിക സ്ക്രീനിങ്ങിലൂടെയും രോഗസാധ്യത വിലയിരുത്തി ആവശ്യമായവർക്ക് ചികിത്സയും വിദഗ്ധ ചികിത്സയ്ക്കുള്ള റഫറൽ സംവിധാനവും ഉറപ്പാക്കുന്നു.

സെക്ഷൻ ഓഫീസർ